LIBRARY ARCHIVES Kerala Legislative Assembly

ഏനാമാക്കൽ, ഇടിയഞ്ഞിറ റെഗുലേറ്ററുകൾ

192(498) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഏനാമാക്കൽ, ഇടിയഞ്ഞിറ റെഗുലേറ്ററുകൾ കാലപ്പഴക്കത്താൽ അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത റെഗുലേറ്ററുകളുടെ നവീകരണത്തിന് ഇതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) നവീകരണ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തികൾ എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

(ബി&സി) ഏനാമാക്കൽ, ഇടിയഞ്ഞിറ റെഗുലേറ്ററുകളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് റീബിൽഡ് കേരള ഇനീഷ്യേറ്റീവ് (RKI) പദ്ധതിയിൽ ഉൾപ്പെടുത്തി മെക്കാനിക്കൽ, സിവിൽ പ്രവൃത്തികൾക്കായി യഥാക്രമം 7.32 കോടി രൂപയും 4.46 കോടി രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഏനാമാക്കൽ റെഗുലേറ്ററിന്റെ പ്രവൃത്തി 3 തവണ ടെണ്ടർ ചെയ്തെങ്കിലും പ്രതികരണമൊന്നും ലഭിക്കാത്തതിനാൽ 2-8-2021-ന് ടെണ്ടർ തുറക്കത്തക്കവിധത്തിൽ നാലാം തവണയും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തിയുടെ നിർമ്മാണ കരാറിൽ ഏർപ്പെട്ടതിനുശേഷം പുഴയിൽ ജലനിരപ്പ് കുറഞ്ഞ് അനുകൂല സാഹചര്യമുണ്ടാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുന്നതാണ്. ഇടിയഞ്ഞിറ റെഗുലേറ്ററിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ സംബന്ധിച്ച റിപ്പോർട്ട് KERI പീച്ചി സമർപ്പിച്ചിട്ടുണ്ട്.

താൽക്കാലിക റിംഗ് ബണ്ട് നിർമ്മാണം

193(499) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൾ നിലങ്ങളിൽ ഇക്കൊല്ലത്തെ കൃഷി ഇറക്കുന്നതിനും ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നത് ഒഴിവാക്കുന്നതിനുമായി മണലൂർ മണ്ഡലത്തിലെ ഏനാമാക്കൽ, ഇടിയഞ്ഞിറ റെഗുലേറ്ററുകളുടെ താൽക്കാലിക റിംഗ് ബണ്ടുകൾ യഥാസമയം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?